**തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - കോഴിക്കോട് ജില്ല -ഫറോക്ക് നഗരസഭ- കരുവൻതിരുത്തി വില്ലേജ്- പെട്രോൾ പമ്പ് നിർമ്മാണം കൺകറൻസ്- അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1) ഫറോക്ക് നഗരസഭ സെക്രട്ടറിയുടെ 30/12/2021 ലെ FE2/13408/21 നമ്പർ കത്ത്.

2) കോഴിക്കോട് ടൗൺപ്ലാനറുടെ 17/03/2022 ലെ TCPKZD/14/2022/C1 നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/754/2022-D1 തീയതി:14/06/2022

---

കോഴിക്കോട് ജില്ലയിലെ ഫറോക്ക് നഗരസഭ പരിധിയിലുള്ള കരുവൻതിരുത്തി വില്ലേജിൽ റീ സർവ്വേ നമ്പർ 145-ൽ ഉൾപ്പെട്ടതും റെയിൽവേയുടെ ഉടമസ്ഥതയിലുള്ളതുമായ 2032.45 ച.മീ സ്ഥലത്ത് ആകെ 374 ച.മീ വിസ്തീർണ്ണമുള്ള(സെയിൽസ് ബിൽഡിംഗ്-31 ച.മീ+ടോയ്‌ലറ്റ്ബ്ലോക്ക്-15 ച.മീ+ക്യാനോപ്പി-328 ച.മീ) പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. ജയ്ദീപ് പോദ്ദർ, ടെറിറ്ററി മാനേജർ, BPCL ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി Detailed Town Planning Scheme No.4 for Cheruvannur-Feroke Industrial Area പ്രകാരമുള്ള കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. നിർമ്മാണം കെ.എം.ബി.ആർ 2019 ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.
2. ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ വിസ്തീർണ്ണം, അതിരുകൾ, ഉടമസ്ഥാവകാശം, റീ സർവ്വേ നമ്പർ , ഭൂമിയുടെ തരം മുതലായവ സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
3. പെർമിറ്റ് നൽകുന്നതിന് മുമ്പ് ചട്ടം 5(4) പ്രകാരം മറ്റ് വകുപ്പുകളിൽ നിന്നും ആവശ്യമായ എൻ.ഒ.സി വാങ്ങേണ്ടതാണ്.

3606
GOVERNMENT OF KERALA 2017-18

4. നിർദ്ദിഷ്ട പ്ലോട്ടിൽ CRZ II നിയന്ത്രണങ്ങൾ ബാധകമായതിനാൽ KCZMA-യിൽ നിന്നുള്ള അനുമതി ലഭ്യമാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
5. ചട്ടപ്രകാരമുള്ള കൺകറൻസ് / ലേ ഔട്ട് സ്ക്രൂട്ടിണി ഫീസ് ഒടുക്കിയ ശേഷമേ നിർമ്മാണത്തിന് ലേ ഔട്ട് അനുമതി നൽകാൻ പാടുള്ളൂ.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ ലേ-ഔട്ട്/നിർമ്മാണ/വികസന അനുമതി അതാത് ജില്ലാ തദ്ദേശ സ്വയം ഭരണ പ്ലാനിംഗ് കാര്യാലയം/തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം**

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

Signature valid

**ഫരീദാ യൂസഫ്.എം**
**ടൗൺ പ്ലാനർ**

ടൗൺപ്ലാനർ
കോഴിക്കോട്

പകർപ്പ്:-

1. സെക്രട്ടറി
   ഫറോക്ക് നഗരസഭ, കോഴിക്കോട്.
2. ശ്രീ. ജയദീപ്
   ടെറിട്ടറി മാനേജർ (Retail)
   ടെറിട്ടറി ഓഫീസ്, ഡോർ നമ്പർ .2845, YYMCA Cross Road, Calicut-673001
3. വെബ്സൈറ്റ്
4. അധികം
5. കരുതൽ

3680 GOVERNMENT OF KERALA 2017-18.